15 (*250) **മത്സ്യമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് മാസ്റ്റർ പ്ലാൻ**

ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ ശുപാർശ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇതല്ലെങ്കിൽ റിപ്പോർട്ട് എത്ര കാലത്തിനകം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി) ഉണ്ട്.

(സി)&(ഡി) കമ്മിറ്റിയുടെ റിപ്പോർട്ടു ലഭിച്ചിട്ടില്ല. ഒരു കമ്മിറ്റിയംഗത്തിന്റെ നിര്യാണംമൂലം കമ്മിറ്റിയുടെ പ്രവർത്തനം താൽക്കാലികമായി നിലച്ചിരിക്കുകയാണ്. കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

16 (* 251) **ഉന്നതവിദ്യാഭ്യാസമേഖല പരിഷ്കരിക്കുന്നതിന് നടപടി**

ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം.എ. തോമസ് :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എളമരം കരീം :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖല കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് ഇതുവരെ കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ പ്രസക്തിയും ഗുണമേന്മയും മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയിൽ കൂടുതൽ പാഠ്യപദ്ധതികൾ ആരംഭിക്കുന്നതിനും അദ്ധ്യയന വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ അംഗീകാരം നേടുന്നതിന് കോളേജുകളെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഉന്നതവിദ്യാഭ്യാസ പരിഷ്കരണം സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാക്കുന്നതിന് കമ്മിഷനെ നിയമിക്കാനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) ഉന്നത വിദ്യാഭ്യാസ മേഖല കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി യു.ജി.സി. നിർദ്ദേശാനുസരണം തൊഴിലധിഷ്ഠിത കോഴ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത കോഴ്സുകൾ നിലനിറുത്തിക്കൊണ്ടുതന്നെ ഡിഗ്രിതല സിലബസ് പരിഷ്കരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള വിദ്യാഭ്യാസരീതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബി.എസ്.സി. ഡിഗ്രി കോഴ്സുകൾക്കും തൊഴിലധിഷ്ഠിതവും പുനഃസംഘടിപ്പിച്ചതുമായ കോഴ്സുകൾക്കും ഇന്റേണൽ അസസ്മെന്റും സെമസ്റ്റർ സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) യു.ജി.സി. കണ്ടെത്തിയ തൊഴിലധിഷ്ഠിത വിഷയങ്ങൾ സർവ്വകലാശാലകളുടെ അക്കാഡമിക് ബോഡികൾ പരിഗണിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട്. അത്തരം വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് അഫിലിയേറ്റഡ് കോളേജുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. യു.ജി.സി. നിശ്ചയിച്ചിരിക്കുന്ന സൗകര്യങ്ങൾ കോളേജുകളിൽ ഏർപ്പെടുത്തുന്നതിനും, യു.ജി.സി. യുടെ പരിശോധനാസംഘത്തിന് അവ ബോദ്ധ്യപ്പെടുത്തുന്നതിനും കോളേജുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. യു.ജി.സി. യുടെ ധനസഹായത്തോടുകൂടിയാണ് മേൽപ്പറഞ്ഞ വിഷയങ്ങൾ കോളേജുകളിൽ ഉൾപ്പെടുത്തുന്നത്.

(ഇ) പരിഗണനയിലാണ്.

17 (*252) ഡി.പി.ഇ.പി. സമ്പ്രദായം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ഡി.പി.ഇ.പി. സമ്പ്രദായം 2001 ൽ അവസാനിക്കുമോ; എങ്കിൽ ഡി.പി.ഇ.പി. സമ്പ്രദായം ആരംഭിച്ചു കഴിഞ്ഞ സ്കൂളുകളിൽ ഈ സമ്പ്രദായം തുടർന്നാൽ ഉള്ള അവസ്ഥ എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഡി.പി.ഇ.പി. കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും ഡി.പി.ഇ.പി. സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് പൂർണ്ണമായും എന്ന് ഡി.പി.ഇ.പി. സമ്പ്രദായം നടപ്പാക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly